വർക്ക് സൂപ്രണ്ടുമാർ, മൂന്നു ഡ്രാഫ്റ്റ്സ്മാൻ (നേരിട്ടുള്ള നിയമനം) എന്നാക്കി മാറ്റുകയുണ്ടായി. (അതായത് അവർ തമ്മിലുള്ള അനുപാതം 5:2:3). 7.12.1990-ലെ സർക്കാർ ഉത്തരവുപ്രകാരം 8.12.81-ൽ ഇറക്കിയ സർക്കാർ ഉത്തരവിന് 1.4.1968 മുതൽ മുൻകാല പ്രാബല്യം നൽകുകയുണ്ടായി. കോടതിവിധിയുടെ അടിസ്ഥാനത്തിൽ ഒന്നാംഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാരുടെ സീനിയോറിറ്റി 1.4.68 മുതൽ 5:2:3 എന്ന അനുപാതത്തിൽ ആക്കി പ്രസിദ്ധീകരിക്കുകയുണ്ടായി. എന്നാൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 16.7.98-ലെ ഉത്തരവിൽ 7.12.1990-ലെ സർക്കാർ ഉത്തരവിൽ 7.12.1990-ലെ ഉത്തരവിൻ പ്രകാരം ഉണ്ടാക്കിയ സീനിയോറിറ്റി ലിസ്റ്റും റദ്ദാക്കുവാനും 8.12.1981-ലെ ഉത്തരവിൻപ്രകാരമുള്ള 5:2:3 എന്ന അനുപാതത്തിൽ പുതുക്കിയ ഒരു ലിസ്റ്റ് പ്രസിദ്ധീകരിക്കുവാനും നിർദ്ദേശിക്കുകയുണ്ടായി.

(ബി) 16.7.98-ലെ ഹൈക്കോടതി വിധിക്കെതിരെ വാട്ടർ അതോറിറ്റി ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചിൽ അപ്പീൽ സമർപ്പിക്കുകയുണ്ടായി. ഈ റിട്ട് അപ്പീലിൻമേൽ ഹൈക്കോടതിയുടെ 3.12.98-ലെ ഇടക്കാല ഉത്തരവിൽ താത്ക്കാലിക നിരോധനം പുതുക്കിയ ലിസ്റ്റ് ഉണ്ടാക്കുന്നതിന് തടസമല്ല എന്ന് അറിയിച്ചിട്ടുണ്ട്. ഇത് പരിഗണിച്ച് പുതിയ ലിസ്റ്റ് തയ്യാറാക്കുവാൻ വേണ്ട നടപടി കൈക്കൊണ്ടു.

(സി) ഉണ്ട്.

(ഡി) പ്രസ്തുത പരാതി സമർപ്പിക്കുന്നതിനുമുമ്പ് തന്നെ ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് പരിഗണിച്ച് പുതിയ ലിസ്റ്റ് ഉണ്ടാക്കാൻ വേണ്ട നടപടി വാട്ടർ അതോറിറ്റി സ്വീകരിച്ചിട്ടുണ്ട്.

(ഇ) പുതുക്കിയ പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് ഉടൻ പ്രസിദ്ധീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

62 (3526) ഒഡെപെക്കിന്റെ പ്രവർത്തനം

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ഒഡെപെക്കിന്റെ പ്രവർത്തനം പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം നിർജീവാവസ്ഥയിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടുവോ;

(സി) എങ്കിൽ ഒഡെപെക്കിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ഒഡെപെക്ക് ഏതൊക്കെ വിദേശരാജ്യങ്ങളിലേയ്ക്കാണ് റിക്രൂട്ട്മെന്റ് നടത്തി ഉദ്യോഗാർത്ഥികളെ നിയോഗിച്ചതെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) വിദഗ്ധ, അവിദഗ്ധ തൊഴിലാളികളെ വിദേശത്തേക്ക് അയയ്ക്കുന്നതിനായി ഒഡെപെക്ക് ഈയിടെ ഏതെങ്കിലും വിദേശരാജ്യവുമായി ധാരണയിലായിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) വിവിധ വിദേശരാജ്യങ്ങളിലെ ഇൻഡ്യൻ അംബാസിഡർമാരുമായി ബന്ധപ്പെട്ട് അവിടങ്ങളിലെ തൊഴിൽസാദ്ധ്യത കണക്കാക്കി കൂടുതൽ വിദഗ്ധ അവിദഗ്ധ തൊഴിലാളികളെ വിദേശത്തേക്ക് അയയ്ക്കുവാനുള്ള പദ്ധതിക്ക് രൂപം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ഇതിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്ന കാര്യം ആലോചിച്ചുവരുന്നു.

(ഡി) താഴെ പറയുന്ന രാജ്യങ്ങളിലേക്ക് കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ഉദ്യോഗാർത്ഥികളെ റിക്രൂട്ട്മെന്റ് നടത്തി അയച്ചിട്ടുണ്ട്:-

സൗദി അറേബ്യ	-	216
സിംഗപ്പൂർ	-	79
ഖത്തർ	-	19
ബ്രൂണൈ	-	12
മലേഷ്യ	-	12
കുവൈറ്റ്	-	5
ബഹറിൻ	-	6

(ഇ) ഉണ്ട്. ആഫ്രിക്കൻ രാജ്യങ്ങളിലേക്ക് എത്രത്തോളം വിദഗ്ധ അവിദഗ്ധ തൊഴിലാളികൾ വേണമെന്ന് എംബസികളിലൂടെ വിലയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) ഇത്തരം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

63 (3527) കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കള്ളു വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും പിരിഞ്ഞുപോയ തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നുണ്ടോ; എങ്കിൽ എന്നു മുതലാണ് പെൻഷൻ പദ്ധതി നടപ്പിലാക്കിയത്; ഇതുവരെ എത്രപേർക്ക് പെൻഷൻ നൽകിയിട്ടുണ്ട്; ഇതിനുവേണ്ടി എത്ര സംഖ്യ ചെലവഴിച്ചു;

(ബി) കള്ള് വ്യവസായത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പെൻഷൻ പദ്ധതിയിലേക്ക് സർക്കാർ സഹായം നൽകുന്നുണ്ടോ; എങ്കിൽ എത്ര സംഖ്യ; അതിന്റെ വിശദാംശങ്ങൾ എന്താണ്;

(സി) 1998-99 വർഷത്തെ ബഡ്ജറ്റിൽ ചെത്തുതൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിന് സർക്കാർ കൂടുതൽ സംഖ്യ നൽകുമെന്ന് പ്രഖ്യാപി

LIBRARY ARCHIVES Kerala Legislative Assembly